## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1728 — 05.12.2014 ലെ മറുപടിയ്ക്ക്

### രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും വർദ്ധിച്ച ഉപയോഗത്തിനെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കാർഷിക രംഗത്ത് രാസവളങ്ങളും, രാസകീടനാശിനികളും ഉപയോഗം വർദ്ധിച്ചുവരുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ; | (എ) രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും ഉപയോഗം വർദ്ധിച്ചുവരുന്നത് തടയാൻ ഇവയുടെ അമിത ഉപയോഗം മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. ജൈവകൃഷി ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാൻ സർക്കാർതലത്തിൽ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം വളപ്രയോഗം നടത്തുന്നതിന് എല്ലാ കൃഷിഭവൻ മുഖേനയും പദ്ധതികൾ നടപ്പിലാക്കി വരുന്നു. കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനായി സംയോജിത കീട നിയന്ത്രണ പരിപാടികളും നടപ്പിലാക്കി വരുന്നു. |
| (ബി) ജൈവവളങ്ങളും, ജൈവകീടനാശിനികളും സർക്കാർ ചുമതലയിൽ ഉത്പാദിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) നിലവിൽ നിർദ്ദേശങ്ങൾ പരിഗണനയിൽ ഇല്ല. |

| | | | |
|---|---|---|---|
| (സി) | സ്വകാര്യ സ്ഥാപനങ്ങൾ ഗുണമേന്മയില്ലാത്ത ജൈവവളങ്ങൾ പ്രചരിപ്പിക്കുന്നതു മൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; | (സി) | 2013 നവംബർ മാസം മുതൽ ജൈവവളങ്ങൾ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (FCO-1985) – ൽ ഉൾപ്പെടുത്തി ഇവയുടെ ഉല്പാദനത്തിനും വിപണനത്തിനും ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട്. ഗുണമേന്മയില്ലാത്ത ജൈവവളങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾ പ്രചരിപ്പിക്കുന്നതു മൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കർഷകർക്ക് ബോധവൽക്കരണം നടത്തുന്നുണ്ട്. |
| (ഡി) | ജൈവകീടനാശിനികൾ വിപണിയിൽ ലഭ്യമല്ലാത്ത വസ്തുതയെ നേരിടാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ ? | (ഡി) | ജൈവകീടനാശിനികൾ നിലവിൽ വിപണിയിൽ ലഭ്യമാണ്. ജൈവകീടരോഗനിയന്ത്രണത്തിന്റെ ഭാഗമായി സർക്കാർ തലത്തിൽ സ്റ്റേറ്റ് ബയോ കൺട്രോൾ ലബോറട്ടറി, മണ്ണുത്തി, തൃശ്ശൂർ മുഖേന ജൈവകീട നിയന്ത്രണ ഉപാധികൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നുണ്ട്. കൂടുതൽ ജൈവകീടനാശിനികൾ പ്രയോഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ